# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:986 05.03.2018-ൽ മറുപടിക്ക്

## സൗജന്യ യൂണിഫോം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. യു.ആർ.പ്രദീപ് | പ്രൊഫ സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ഒന്നാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകുന്നതിനായി 2017- 18 വർഷം എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ; | എ) 2017 - 18 അദ്ധ്യയന വർഷം മുതൽ ആരംഭിച്ച കൈത്തറി യൂണിഫോം വിതരണത്തിനായി 39,00,23,200/ രൂപ (മുപ്പത്തി ഒൻപത് കോടി ഇരുപത്തി മൂവായിരത്തി ഇരുന്നൂറ്) ചെലവായിട്ടുണ്ട്. കൈത്തറി യൂണിഫോം നൽകാത്ത 1 മുതൽ 8 വരെ ക്ലാസുകളിലെ എ.പി.എൽ വിഭാഗം ആൺകുട്ടികൾക്കും എയ്ഡഡ് സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കുമായി 71,16,76,400/( എഴുപത്തി ഒന്നു കോടി പതിനാറ് ലക്ഷത്തി എഴുപത്താറായിരത്തി നാന്നൂറ്) രൂപ ചെലവായിട്ടുണ്ട്. സർക്കാർ സ്കൂളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിലെ എ.പി.എൽ വിഭാഗത്തിലെ ആൺകുട്ടികൾ ഒഴികെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കുമായി എസ്.എസ്.എ.മുഖേന 27,54,40,000/ (ഇരുപത്തി ഏഴുകോടി അൻപത്തി നാലു ലക്ഷത്തി നാല്പതിനായിരം രൂപ ചെലവായിട്ടുണ്ട്. അപ്രകാരം 2017 -18 അദ്ധ്യയന വർഷം സ്കൂൾ യൂണിഫോം വിതരണ പദ്ധതി പ്രകാരം 137,71,39,600/(നൂറ്റി മുപ്പത്തിയേഴുകോടി എഴുപത്തിയൊന്ന് ലക്ഷത്തി മുപ്പത്തൊമ്പതിനായിരത്തി അറുനൂറ് രൂപ ചെലവായിട്ടുണ്ട്. |
| ബി) എത്ര കുട്ടികൾക്കാണ് പ്രസ്തുത പദ്ധതി മൂലം പ്രയോജനം ലഭിച്ചിട്ടുള്ളതെന്നുള്ള വിശദവിവരം നൽകാമോ ? | ബി) 2017-18 വർഷം സൗജന്യ യൂണിഫോം വിതരണ പദ്ധതിക്ക് ആകെ 27,19,495(ഇരുപത്തിയേഴ് ലക്ഷത്തി പത്തൊൻപതിനായിരത്തി നാനൂറ്റി തൊണ്ണൂറ്റി അഞ്ച്) കുട്ടികൾക്ക് യൂണിഫോം വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ